1. ചന്ദ്രയാൻ 2 മിഷനിലെ റോവറിന്റെ പേര് :
   (A) ഓർബിറ്റർ (B) റോവർ (C) പ്രഗ്യാൻ (D) ലാൻഡർ

2. 2020 -ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ആർക്കാണ് ലഭിച്ചത് ?
   (A) ലൂസിഗ്ലുക്ക് (B) ജെന്നിഫർ എദൗനാ
   (C) റോജർ പെൻറോസ് (D) ചാൾസ് റൈസ്

3. അമേരിക്കൻ ഡെമോക്രാറ്റിക് പാർട്ടിയുടെ ചിഹ്നം :
   (A) ആമ (B) കഴുത (C) ഒട്ടകം (D) ആന

4. O.B.O.R. എന്നതിന്റെ വികസിത രൂപം :
   (A) One Belt One Road (B) One Road One Belt
   (C) One Border One Road (D) One Border One Region

5. ആഷാമേനോൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ :
   (A) ഹരീഷ് (B) ശ്രീകുമാർ
   (C) സജയ് കെ. വി. (D) വിനോയ് തോമസ്

6. കേരളാ കലാമണ്ഡലത്തിന് "Deemed university for Art and Culture" എന്ന പദവി ലഭിച്ച വർഷം :
   (A) 1968 (B) 2005 (C) 2006 (D) 2010

7. ദിയോദാർട്രോഫി ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) ഹോക്കി (B) ഫുട്ബോൾ
   (C) ക്രിക്കറ്റ് (D) ബാസ്കറ്റ്ബോൾ

8. ബി.പി. പാൽ താഴെ പറയുന്നവയിൽ എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) ധവള വിപ്ലവം (B) ഹരിത വിപ്ലവം
   (C) ഒറ്റവൈക്കോൽ വിപ്ലവം (D) വനവൽക്കരണം

9. VSAT -യുടെ വികസിത രൂപം.
   (A) We Satellite (B) Very Small Aperture Terminal
   (C) Venture Satellite (D) Vikram Sarabhai Atomic Centre

10. ഏത് ഭരണഘടനാ ഭേദഗതിയാണ് വിദ്യാഭ്യാസം മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തിയത് ?
    (A) 85 (B) 86 (C) 87 (D) 88

11. എത്ര കമ്പനികളുടെ ഷെയറാണ് നിഫ്റ്റിയുടെ സൂചകമായി പരിഗണിക്കുന്നത് ?
    (A) 60 (B) 100 (C) 50 (D) 150

12. തിരുവിതാംകൂറിലെ അവസാനപ്രധാനമന്ത്രിയും തിരുകൊച്ചിയിലെ ആദ്യമുഖ്യമന്ത്രിയും ആയിരുന്ന നേതാവ് :

(A) പാരൂർ ടി.കെ. നാരായണപിള്ള (B) പട്ടം താണുപിള്ള

(C) പി. കൃഷ്ണപിള്ള (D) കെ. കേളപ്പൻ

13. പെൺകുട്ടികൾക്കായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യവിദ്യാലയം തുടങ്ങിയ വ്യക്തി :

(A) സാവിത്രിഭായ് ഫൂലെ (B) താരാഭായ് ഷിൻഡെ

(C) പണ്ഡിത രമാഭായ് (D) ഇന്ദിരാഗാന്ധി

14. കൊല്ലവർഷം ആരംഭിക്കുന്നത് :

(A) AD 825 (B) AD 925 (C) AD 875 (D) AD 765

15. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് നടത്തപ്പെടുന്ന തിരഞ്ഞെടുപ്പിൽ മേൽനോട്ടം നിർവഹിക്കുന്നത് :

(A) കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ

(B) സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ

(C) സംസ്ഥാന സർക്കാർ

(D) കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷന്റെ സംസ്ഥാന ഘടകം

16. ഇന്ത്യൻ ഭരണഘടനാ ഭേദഗതി ചെയ്യുന്നത് ഏത് വകുപ്പ് അനുസരിച്ചാണ് ?

(A) 365 (B) 368 (C) 360 (D) 268

17. 'കേരള മോഡൽ' എന്നാൽ :

(A) വ്യവസായരംഗത്തെ വികസനം

(B) ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

(C) ഇടത്-വലത് മുന്നണികൾ മാറി മാറി വരുന്ന ഭരണം

(D) ലോകത്തിലെ ആദ്യ തിരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് മന്ത്രിസഭ

18. 2019 -ലെ മോട്ടോർ വാഹന ഭേദഗതി നിയമപ്രകാരം വാഹനത്തിന് അനധികൃത രൂപമാറ്റം വരുത്തുന്നവർക്കുള്ള പിഴ എത്ര രൂപയാണ് ?

(A) 3000 (B) 1000 (C) 10000 (D) 5000

19. WGEEP -യുടെ അധ്യക്ഷൻ :

(A) കസ്തൂരിരംഗൻ (B) മാധവ്ഗാഡ്ഗിൽ

(C) ഉമ്മൻ. വി. ഉമ്മൻ (D) ജി. പ്രസാദ്

20. കുടുംബശ്രീ നിലവിൽ വന്ന വർഷം :

(A) 1996 (B) 1997 (C) 1995 (D) 2000

21. പൊക്കാളി നിലങ്ങൾക്കു വേണ്ടി കേരളാകാർഷികസർവകലാശാല വികസിപ്പിച്ചെടുത്ത നെല്ലിനം :
(A) ഏഴോം 4 (B) വി. ടി. എൽ. 9 (C) വി. ടി. എൽ. 10 (D) ജൈവ

22. RTGS -ന്റെ പൂർണ്ണ രൂപം :
(A) Real Time Gross Settlement (B) Real Time General Settlement
(C) Real Time Gross Submission (D) Real Time Group Settlement

23. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് രാജ്യത്തെ എത്ര 'PIN' റീജിയനുകളായി തിരിച്ചിരിക്കുന്നു ?
(A) 6 (B) 4 (C) 9 (D) 12

24. 'ഓസ്കാറിൽ' ഏറ്റവും മികച്ച വിദേശ ഭാഷാചിത്രം എന്ന വിഭാഗത്തിലേക്ക് ഔദ്യോഗികമായി നാമനിർദ്ദേശം ലഭിച്ച ആദ്യ മലയാള ചിത്രം :
(A) ചെമ്മീൻ (B) ഗുരു
(C) മൈഡിയർ കുട്ടിച്ചാത്തൻ (D) ഇരുട്ടിന്റെ ആത്മാവ്

25. സാധുജന പരിപാലനയോഗം രൂപീകരിച്ച നേതാവ് :
(A) മഹാത്മാ അയ്യൻകാളി (B) ശ്രീ നാരായണഗുരു
(C) അയ്യത്താർ ഗോപാലൻ (D) ചട്ടമ്പി സ്വാമികൾ

26. ഭൂമിയിൽ ലഭ്യമായ ജലസമ്പത്തിൽ എത്ര ശതമാനമാണ് ശുദ്ധജലം ?
(A) 4% (B) 2.7% (C) 3.6% (D) 25%

27. രാത്രിയും പകലും ഒരുപോലെ ഒരു വർഷത്തിൽ വരുന്ന ദിനങ്ങളുടെ എണ്ണം :
(A) 5 (B) 6 (C) 4 (D) 2

28. ആഫ്രിക്കൻ വൻകരയെ വിവിധ കോളനികളായി വിഭജിക്കുന്നതിലേക്ക് നയിച്ച ഉടമ്പടി :
(A) കോംഗോ കോൺഫറൻസ് (B) വാഴ്സ ഉടമ്പടി
(C) ബാഗ്ദാദ് ഉടമ്പടി (D) വേർസയിൽസ് ഉടമ്പടി

29. 2030 -ൽ ലക്ഷ്യം നേടുന്നതിലേക്കായി അന്താരാഷ്ട്ര തലത്തിൽ നടപ്പിലാക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ എത്ര എണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ?
(A) 18 (B) 16 (C) 17 (D) 19

30. ഇന്ത്യൻ ഭരണഘടനയിൽ ഏതു വകുപ്പാണ് വിവിധ ജാതിവിഭാഗങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നത് ?
(A) 341 (B) 342 (C) 356 (D) 357

31. കേരളത്തിൽ എത്ര ദേവസ്വംബോർഡുകളുണ്ട് ?
(A) 10 (B) 5 (C) 20 (D) 12

32. താഴെ പറയുന്നവയിൽ ഏത് രാജ്യമാണ് ബ്രിക്സിൽ ഉൾപ്പെടാത്ത രാജ്യം ?
(A) ബ്രിട്ടൻ (B) ബ്രസീൽ (C) റഷ്യ (D) ഇന്ത്യ

33. താഴെ കൊടുത്തിരിക്കുന്നതിൽ ചൈൽഡ്‌ലൈൻ നമ്പർ ഏതാണ് ?
(A) 1060 (B) 100 (C) 110 (D) 1098

34. 2019 -ൽ 'ലോകത്തിലെ ഏറ്റവും ശക്തയായ വനിത' എന്ന് ഫോബ്സ്മാഗസിൻ പട്ടികയിൽ ഇടം പിടിച്ച 16 വയസ്സുകാരി :
(A) ലൂസിയ നൗബെർ (B) ഗ്രെറ്റ തും ബർഗ്
(C) ഇന്ത്യ ലോഗൻ ബെയ്‌ലി (D) എൽ. ഹിൽഡാഫ്

35. രാജ്യത്തെ ആദ്യലോക്പാൽ :
(A) ജസ്റ്റിസ് ബാലകൃഷ്ണൻ (B) ജസ്റ്റിസ് പിനാകി ചന്ദ്രഘോഷ്
(C) ജസ്റ്റിസ് ഉബൈദുള്ള (D) അണ്ണാ ഹസ്സാരെ

36. Identify the correctly spelt word :
(A) Quarantine (B) Quarentine (C) Quarantyne (D) Quarentein

37. The Manager is ill and we'll have to _________ the meeting for a few days.
(A) put on (B) put of (C) put away (D) put off

38. She told me that she _________ watching the movie.
(A) is finished (B) was finished (C) had finished (D) not finished

39. Choose the sentence which **does not** convey the meaning of the given proverb.
**However long the night, the dawn will break.**
(A) All the worries are temporary.
(B) The worries will never end.
(C) All the problems will be solved once.
(D) The bad things will end, the good time waits.

40. Which is the synonym of the word ***destination*** ?
(A) Early morning (B) Target (C) Fate (D) Trouble

41. Pick out the most appropriate set which gives the meaningful sentence.
(a) Who is wearing the green churidar
(b) The girl who sells fruits
(c) Is my sister
(d) In the market
(A) (b), (c), (d), (a) (B) (c), (d), (b), (a) (C) (b), (d), (c), (a) (D) (a), (d), (b), (c)

42. Change the voice **"People will admire him"**.
(A) He will admire people. (B) People will be admired.
(C) He will be admired by people. (D) People would be admired by him.

**Read the passage carefully and answer to the questions given below.**

Cinema is a medium of expression and communication. It was invented by Edison, an American scientist. The cinema plays an important role in the social, moral, political and economic life. D.G. Phalke, the father of Indian cinema produced the first Indian silenced film "Raja Harischandra" in 1913. But the first film made in Kerala was Vigatha Kumaran by J.C. Daniel in 1928. The era of talkie films started in 1931 with the producing of Alam Arah. India is the largest producer of feature films in the world. The films are certified by the central board of film certification. Cinema is a source of entertainment, knowledge and employment even though the sex and violence portrayed in it contaminate the minds of the people. The objective of films should be to educate, modify and to bring unity and harmony among the people. Cinema is a film that is a story recorded as set of moving pictures to be shown on screen of a theatre house and Television.

**43.** Who is considered as the father of Indian cinema ?
(A) Edison (B) J.C. Daniel
(C) Vigatha Kumaran (D) D.G. Phalke

**44.** Which one of the following is **not** an objective of film ?
(A) Education (B) Contamination of the mind
(C) Communication (D) Entertainment

**45.** Which is **not** the synonym of the word **portrayed** given in the paragraph ?
(A) Illustrate (B) Representation (C) Modeling (D) Colouring

**46.** പ്രത്യയമില്ലാത്ത വിഭക്തി ഏതാണ് ?
(A) പ്രതിഗ്രാഹിക (B) നിർദ്ദേശിക (C) ഉദ്ദേശിക (D) സംബന്ധിക

**47.** ഓടി + ചാടി. – ചേർത്തെഴുതുക.
(A) ഓടിചാടി (B) ഓട്ടിച്ചാടി (C) ഓടിച്ചാടി (D) ഓടിഞ്ചാടി

**48.** താഴെ പറയുന്നതിൽ ഏതാണ് ദശപുഷ്പം ?
(A) മുല്ല (B) റോസ (C) തുളസി (D) കറുക

**49.** രാമനും കൃഷ്ണനും. – സമുച്ചയപ്രത്യയം ഏതാണ് ?
(A) അൻ (B) ഉം (C) അ (D) നും

**50.** കറുത്ത പശു പാൽ തരും. – ഈ വാക്യത്തിലെ വിശേഷണം ഏതാണ് ?
(A) പശു (B) കറുത്ത (C) പാൽ (D) തരും

**51.** "അമ്മിഞ്ഞപ്പാലോലും ചോരിവാകൊണ്ടാദ്യ
മമ്മയെത്തന്നെ വിളിച്ച കുഞ്ഞേ
മറ്റൊരു മാതാവു കൂടിയുണ്ടെൻമക
നുറ്റ വാത്സല്യത്തൊടോമനിക്കാൻ."

– മറ്റൊരു മാതാവ് എന്നു പറയുന്നതാരെയാണ് ?
(A) ഇംഗ്ലീഷ് ഭാഷ (B) മലയാള ഭാഷ
(C) തമിഴ് ഭാഷ (D) സംസ്കൃത ഭാഷ

52. ''ഓൻ'' എന്ന പദം തിരുവിതാംകൂറിൽ ഉച്ചരിക്കുന്നതെങ്ങനെയാണ് ?

(A) അവൻ (B) ഓൻ (C) ഞാൻ (D) നീ

53. ഒരു പദം തന്നെ ഒരേയർഥത്തിൽ ഒരൊറ്റ പദ്യത്തിൽ ആവർത്തിക്കുന്ന വാക്യദോഷം ഏതാണ്?

(A) ഉക്തപദം (B) അധികപദം (C) ന്യൂനപദം (D) സമപദം

54. അഖിലാണ്ഡമണ്ഡലമണിയിച്ചൊരുക്കി എന്നു തുടങ്ങുന്ന ഗാനത്തിന്റെ രചയിതാവാരാണ് ?

(A) പന്തളം കെ.പി. (B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) കെ.സി. കേശവപിള്ള (D) ഉള്ളൂർ

55. അദ്രി എന്ന വാക്കിന്റെ അർഥം എന്താണ് ?

(A) മേഘം (B) പർവതം (C) സൂര്യൻ (D) താമര

56. A, B എന്നിവർ ഒരു നിശ്ചിതസ്ഥലത്തു നിന്ന് നടക്കാൻ ആരംഭിച്ചു. A, 3 കിലോമീറ്റർ വടക്കോട്ട് നീങ്ങി വലത്തേക്ക് തിരിഞ്ഞശേഷം 4 കിലോമീറ്റർ മുന്നോട്ട് നടന്നു. B, പടിഞ്ഞാറോട്ട് 5 കിലോമീറ്റർ നടന്നതിനു ശേഷം വലത്തോട്ട് തിരിഞ്ഞ് 3 കിലോമീറ്റർ നടക്കുന്നു. എങ്കിൽ B -യിൽ നിന്ന് A എത്ര ദൂരെയാണ് ?

(A) 13 കി.മീ. (B) 16 കി.മീ. (C) 9 കി.മീ. (D) 10 കി.മീ.

57. വിട്ടുപോയ പദം തിരിച്ചറിയുക.

PRT, _____ , BDF, HJL, NPR

(A) VXZ (B) VYA (C) UWY (D) AXY

58. വിട്ടുപോയ സംഖ്യ കണ്ടെത്തുക.

9, 12, 11, 14, 13, _____ , 15.

(A) 12 (B) 16 (C) 10 (D) 17

59. ഒരു പിതാവിന്റെയും മകന്റെയും നിലവിലെ പ്രായത്തിന്റെ അനുപാതം 6 : 1 ആണ്. അഞ്ച് വർഷത്തിനുശേഷം അനുപാതം 7 : 2 ആയി മാറും എങ്കിൽ മകന്റെ ഇപ്പോഴത്തെ പ്രായം എന്ത് ?

(A) 10 വയസ് (B) 9 വയസ് (C) 6 വയസ് (D) 5 വയസ്

60. താഴെ പറയുന്ന സംഖ്യകളിൽ $\frac{7}{13}$ -നും, $\frac{4}{5}$ -നും ഇടയിൽ വരാത്ത സംഖ്യ ഏത് ?

(A) $\frac{1}{2}$ (B) $\frac{2}{3}$ (C) $\frac{3}{4}$ (D) $\frac{5}{7}$

61. $8\frac{1}{3}\%$ -ന് തുല്യമായ ഭിന്ന സംഖ്യയേത് ?

(A) $\frac{25}{3}$ (B) $\frac{3}{25}$ (C) $\frac{1}{12}$ (D) $\frac{1}{4}$

62. a : b = 2 : 3, b : c = 4 : 5, c : d = 6 : 7 ആണെങ്കിൽ a : d എത്ര ?

(A) 2 : 7 (B) 7 : 8 (C) 16 : 35 (D) 4 : 13

63. 120 മീറ്റർ നീളമുള്ള ഒരു തീവണ്ടി 10 സെക്കന്റിനുള്ളിൽ ഒരു പോസ്റ്റിനെ മറികടക്കുന്നു. എങ്കിൽ ട്രെയിനിന്റെ വേഗത എത്ര ?

(A) 40 കി.മീ./മണിക്കൂർ (B) 43.2 കി.മീ./മണിക്കൂർ
(C) 45 കി.മീ./മണിക്കൂർ (D) 42.5 കി.മീ./മണിക്കൂർ

64. ഒരു വസ്തു 350 രൂപയ്ക്ക് വിൽക്കുന്നതിലൂടെ, 340 രൂപയ്ക്ക് വിൽക്കുന്നതിനേക്കാൾ 5% കൂടുതൽ ലാഭം നേടിയാൽ വസ്തുവിന്റെ യഥാർത്ഥ വില എത്ര ?

(A) 50 രൂപ (B) 160 രൂപ (C) 200 രൂപ (D) 225 രൂപ

65. ഒരു ക്രിക്കറ്റ് കളിക്കാരൻ ആദ്യ ടെസ്റ്റിൽ 180 റൺസും, രണ്ടാമത്തേതിൽ 258 റൺസും നേടി. എങ്കിൽ മൂന്നാം ടെസ്റ്റിൽ എത്ര റൺസ് നേടിയാൽ അദ്ദേഹത്തിന്റെ മൂന്ന് ടെസ്റ്റുകളിലേയും ശരാശരി സ്കോർ 230 റൺസ് ആകും ?

(A) 219 (B) 242 (C) 334 (D) 252

66. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിലാണ് ഫിലമെന്റ് ചൂടാക്കി പ്രകാശം തരുന്നത് ?

(A) ആർക് ലാംപ് (B) ഫ്ലൂറോസെന്റ് ലാംപ്
(C) ഡിസ്ചാർജ് ലാംപ് (D) ഇൻകാൻഡസെന്റ് ലാംപ്

Which among the following is the lamp that gives light by heating a filament ?

(A) Arc lamp (B) Fluorescent lamp
(C) Discharge lamp (D) Incandescent lamp

67. കലോറിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഇന്ധനമായി കണക്കാക്കാവുന്നത് ഏതാണ് ?

(A) സി.എൻ.ജി. (B) എൽ.പി.ജി. (C) മീഥെയ്ൻ (D) ഹൈഡ്രജൻ

Which can be considered as the best fuel in terms of calorific value ?

(A) C.N.G. (B) L.P.G. (C) Methane (D) Hydrogen

68. ബ്രൗൺ എനർജി വിഭാഗത്തിൽപ്പെടുത്താവുന്ന ഊർജ്ജസ്രോതസാണ് :

(A) സോളാർ സെൽ (B) ഡീസൽ എൻജിൻ
(C) ഹൈഡ്രോഇലക്ട്രിക് പവർ (D) ടൈഡൽ എനർജി

The energy source that can be classified as brown energy :

(A) Solar cell (B) Diesel engine
(C) Hydroelectric power (D) Tidal energy

69. താപനിലയുടെ അടിസ്ഥാന യൂണിറ്റാണ് :

(A) സെൽഷ്യസ് (B) ഫാരൻഹീറ്റ് (C) കെൽവിൻ (D) കാൻഡല

The base unit of temperature is :

(A) Celsius (B) Fahrenheit (C) Kelvin (D) Candela

70. വൈദ്യുതോർജ്ജം അളക്കാനുപയോഗിക്കുന്ന ഉപകരണമാണ് :

(A) വോൾട്ട്മീറ്റർ (B) അമ്മീറ്റർ

(C) വാട്ട് അവർ മീറ്റർ (D) ഗാൽവനോമീറ്റർ

The instrument used to measure electrical energy :

(A) Voltmeter (B) Ammeter

(C) Watt hour meter (D) Galvanometer

71. ഡക്റ്റിലിറ്റി ഏറ്റവും നന്നായി പ്രദർശിപ്പിക്കുന്ന ലോഹം :

(A) പ്ലാറ്റിനം (B) വെള്ളി (C) ഇരുമ്പ് (D) ചെമ്പ്

The metal that best exhibits ductility :

(A) Platinum (B) Silver (C) Iron (D) Copper

72. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു പ്രക്രിയ ഉപയോഗിച്ചാണ് നൈട്രിക് ആസിഡ് വ്യാവസായികമായി ഉത്പാദിപ്പിക്കുന്നത് ?

(A) ഹെബെർ പ്രക്രിയ (B) ഓസ്വാൾഡ് പ്രക്രിയ

(C) സമ്പർക്ക പ്രക്രിയ (D) ഡീകോൺസ് പ്രക്രിയ

Which among the following processes is commercially used for the preparation of nitric acid ?

(A) Haber process (B) Ostwald process

(C) Contact process (D) Deacons process

73. രാജദ്രാവകത്തിൽ (അക്വാ റീജിയ) അടങ്ങിയിരിക്കുന്ന മിശ്രിതം :

(A) $HCl : HNO_3$ (B) $HNO_3 : H_2SO_4$ (C) $H_2SO_4 : HCl$ (D) $HCl : H_2C_2O_4$

Aqua regia is a mixture of :

(A) $HCl : HNO_3$ (B) $HNO_3 : H_2SO_4$ (C) $H_2SO_4 : HCl$ (D) $HCl : H_2C_2O_4$

74. കപടസംക്രമണ മൂലകത്തിന് ഉദാഹരണമാണ് :

(A) Sc (B) Cr (C) Mn (D) Zn

An example for a pseudo-transition element is :

(A) Sc (B) Cr (C) Mn (D) Zn

75. pH സ്കെയിലിൽ ഏതെല്ലാം സംഖ്യകളാണ് ഉള്ളത് ?

(A) 0 മുതൽ 10 വരെ (B) 7 മുതൽ 10 വരെ

(C) 0 മുതൽ 14 വരെ (D) 7 മുതൽ 14 വരെ

What are the numbers present on the pH scale ?

(A) 0 to 10 (B) 7 to 10

(C) 0 to 14 (D) 7 to 14

76. ആർത്രൈറ്റിസ് ഏത് അവയവ വ്യവസ്ഥയെ ബാധിക്കുന്ന തകരാറാണ് ?

(A) ദഹന വ്യവസ്ഥ (B) അസ്ഥി വ്യവസ്ഥ

(C) രക്ത പര്യയന വ്യവസ്ഥ (D) നാഡീ വ്യവസ്ഥ

Arthritis is the disorder that affects :

(A) Digestive System (B) Skeletal System

(C) Blood Circulatory System (D) Nervous System

77. ഒരു ന്യൂക്ലിയോടൈഡിന്റെ ഘടകങ്ങൾ :

(A) പഞ്ചസാര, നൈട്രജൻ ബേസ്

(B) പഞ്ചസാര, ഫോസ്ഫേറ്റ്

(C) പഞ്ചസാര, ഫോസ്ഫേറ്റ്, നൈട്രജൻ ബേസ്

(D) നൈട്രജൻ ബേസ്, ഫോസ്ഫേറ്റ്

The components of a nucleotide :

(A) Sugar, Nitrogen base

(B) Sugar, Phosphate

(C) Sugar, Phosphate, Nitrogen base

(D) Nitrogen base, Phosphate

78. ജനിതക പശ (genetic glue) എന്നറിയപ്പെടുന്ന എൻസൈം :

(A) ലിഗേസ്

(B) എൻഡോന്യൂക്ലിയേസ്

(C) റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ്

(D) ഹൈഡ്രോലേസ്

The enzyme known as 'genetic glue' :

(A) Ligase

(B) Endonuclease

(C) Restriction endonuclease

(D) Hydrolase

79. മലേറിയ രോഗത്തിനു കാരണമായ സൂക്ഷ്മജീവി :

(A) സ്ട്രെപ്റ്റോകോക്കസ് (B) എന്റമീബ

(C) റൈനോവൈറസ് (D) പ്ലാസ്മോഡിയം

Name the causative organism of Malaria.

(A) Streptococcus (B) Entamoeba

(C) Rhinovirus (D) Plasmodium

80. റെറ്റിനയിൽ പ്രകാശഗ്രാഹികളില്ലാത്ത ഭാഗം :

(A) പീതബിന്ദു (B) അന്ധബിന്ദു

(C) ഐറിസ് (D) ഇവയൊന്നുമല്ല

Name the part of retina that has no photoreceptors.

(A) Yellowspot (B) Blindspot

(C) Iris (D) None of the above

81. 4 ബിറ്റ് ഡാറ്റ അറിയപ്പെടുന്നത് :

(A) കിലോബൈറ്റ് (B) ബൈറ്റ് (C) നിബിൾ (D) റെക്കോർഡ്

A group of 4 bit data is known as :

(A) Kilo Byte (B) Byte (C) Nibble (D) Record

82. താഴെ ചേർത്തിട്ടുള്ളവയിൽ വോളറ്റൈൽ മെമ്മറി ഏതാണ് ?

(A) റാം (B) പെൻ ഡ്രൈവ്

(C) റോം (D) ഹാർഡ് ഡിസ്ക്

Which of the following is volatile memory ?

(A) RAM (B) Pen drive

(C) ROM (D) Hard disk

83. ആരാണ് ഇന്റർനെറ്റിന്റെ പിതാവ് എന്ന് അറിയപ്പെടുന്നത് ?

(A) ചാൾസ് ബാബേജ് (B) വിന്റ് സർഫ്

(C) മാർക്ക് സുക്കർബർഗ് (D) സുന്ദർ പിച്ചൈ

Who is known as father of internet ?

(A) Charles Babbage (B) Vint Cerf

(C) Mark Zuckerberg (D) Sundar Pichai

84. SSH -ന്റെ പൂർണ്ണരൂപം :

(A) സെക്യൂർ സർവർ ഹബ് (B) സെക്യൂരിറ്റി ഇൻ സർവർ ഹബ്

(C) സർവർ സെക്യൂർ ഹബ് (D) സെക്യൂർ ഷെൽ

SSH stands for :

(A) Secure Server Hub (B) Security in Server Hub

(C) Server Secure Hub (D) Secure Shell

85. എന്തിന്റെ സ്പീഡ് അളക്കാനുള്ള യൂണിറ്റാണ് MIPS ?

(A) മെമ്മറി (B) പ്രിന്റർ (C) പ്രോസസർ (D) മൗസ്

The unit MIPS is used to measure the speed of __________.

(A) Memory (B) Printer (C) Processor (D) Mouse

86. ആൻഡ്രോയ്ഡ് പതിപ്പ് 9 ഏത് പേരിലാണ് അറിയപ്പെടുന്നത് ?

(A) കിറ്റ്കാറ്റ് (B) ലോലിപോപ്

(C) മാഷ്മെല്ലോ (D) പൈ

The android version 9 is known as :

(A) KITKAT (B) LOLIPOP

(C) MASHMELLOW (D) PIE

87. ആമസോണിന്റെ വോയിസ് അസിസ്റ്റന്റ് :

(A) അലക്സ (B) ഗൂഗിൾ അസിസ്റ്റന്റ്

(C) എം (D) സിരി

What is the voice assistant of Amazon ?

(A) Alexa (B) Google Assistant

(C) M (D) Siri

88. പിറ്റ്സ് ആന്റ് ലാന്റ്സ് മാതൃകയിൽ ഡാറ്റ സ്റ്റോർ ചെയ്യുന്നത് ഏത് തരം കമ്പ്യൂട്ടർ മെമ്മറിയിലാണ് ?

(A) ഹാർഡ് ഡിസ്ക് (B) പെൻ ഡ്രൈവ്

(C) റോം (D) സിഡി

In which computer memory, data are stored in the form of pits and lands ?

(A) Hard disk (B) Pen drive

(C) ROM (D) CD

89. 'ഇന്റൽ' പെന്റിയം പ്രോസസറിന് തുല്യമായ 'എഎംഡി' പ്രോസസർ ഏത് ?

(A) റൈസൺ (B) അത്‌ലോൺ (C) സെംപ്രോൺ (D) ഫെനോം

What is the 'AMD' processor equivalent to 'Intel' Pentium processor ?

(A) Ryzen (B) Athlon (C) Sempron (D) Phenom

90. താഴെ പറയുന്നവയിൽ ഏതാണ് ഇന്റർനെറ്റിലൂടെ കമ്പ്യൂട്ടർ സിസ്റ്റത്തിലേക്ക് എത്തുന്ന ഇൻഫോർമേഷൻ ഫിൽട്ടർ ചെയ്യുവാൻ ഉപയോഗിക്കുന്നത് ?

(A) കുക്കീസ് (B) ആന്റിവൈറസ് (C) ഫയർവാൾ (D) റൂട്ടർ

Which of the following is used to filter the information coming through an internet connection to a computer system ?

(A) Cookies (B) Antivirus (C) Firewall (D) Router

91. ദക്ഷയാഗവുമായി ബന്ധപ്പെട്ടതും സ്വയംഭൂവുമായ ശിവക്ഷേത്രം ഏതാണ് ?

(A) തളി ശിവക്ഷേത്രം (B) കൊട്ടിയൂർ ശിവക്ഷേത്രം

(C) വൈക്കം ശിവക്ഷേത്രം (D) അരുവിപ്പുറം ശിവക്ഷേത്രം

92. സോപാനസംഗീതത്തിൽ ഉപയോഗിക്കുന്ന ദേവവാദ്യം ഏത് ?

(A) ചെണ്ട (B) കുഴൽ (C) ഇടയ്ക്ക (D) മദ്ദളം

93. വിഷ്ണുക്ഷേത്രത്തിൽ ചെയ്യേണ്ട പ്രദക്ഷിണത്തിന്റെ എണ്ണം എത്ര ?

(A) 1 (B) 2 (C) 3 (D) 4

94. സ്വാമിവിവേകാനന്ദന് പിന്മുദ്രയെക്കുറിച്ചു പറഞ്ഞുകൊടുത്ത കേരളീയനായ ആത്മീയാ-ചാര്യൻ ആര് ?

(A) ചട്ടമ്പി സ്വാമികൾ (B) ശ്രീ നാരായണഗുരുദേവൻ

(C) ആഗമാനന്ദസ്വാമികൾ (D) ചിന്മയാനന്ദസ്വാമികൾ

95. ശ്രീ ശങ്കരാചാര്യർ ഭാഷ്യം രചിച്ച പതിനൊന്നാമത്തെ ഉപനിഷത് ഏത് ?

(A) ശ്രീ നാരായണോപനിഷത് (B) കലിസന്തരണോപനിഷത്

(C) ശ്വേതാശ്വതരോപനിഷത് (D) അക്ഷമാലോപനിഷത്

96. ഉത്ഥാന – ഏകാദശീ കേരളത്തിൽ അറിയപ്പെടുന്നത് ഏത് പേരിൽ ?

(A) സെക്കത്ത് – ഏകാദശീ (B) ഗുരുവായൂർ – ഏകാദശീ

(C) ആമലക – ഏകാദശീ (D) വൈശാഖ – ഏകാദശീ

97. പ്രസിദ്ധമായ തിരുനെല്ലി മഹാവിഷ്ണുക്ഷേത്രം ഏത് ദേവസ്വം ബോർഡിനു കീഴിലാണ് ?

(A) മലബാർ ദേവസ്വം ബോർഡ്

(B) കൊച്ചി ദേവസ്വം ബോർഡ്

(C) തിരുവിതാംകൂർ ദേവസ്വം ബോർഡ്

(D) തൃപ്രയാർ ദേവസ്വം ബോർഡ്

98. ഓഡിനൻസായിരുന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിയമമാക്കിയ വർഷം ഏത്?

(A) 1950 (B) 2018 (C) 2015 (D) 1996

99. തന്ത്രശാസ്ത്രപര്യായമായ ആഗമം എന്നത് ആര് ആരോട് പറയുന്നതാണ് ?

(A) ശിവൻ പാർവതിയോട് (B) പാർവതി ശിവനോട്

(C) വിഷ്ണു ലക്ഷ്മിയോട് (D) ശിവൻ വിഷ്ണുവിനോട്

100. വാസ്തുശാസ്ത്രപ്രകാരം നിർമ്മിച്ച ക്ഷേത്രത്തിന്റെ ഗോപുരം ദേവന്റെ ഏതവയവമായാണ് കണക്കാക്കുന്നത് ?

(A) തല (B) മുഖം (C) പാദം (D) ലിംഗം

- o 0 o -